പി. ഇബ്റാഹീം

# ഔലിയപ്പാപ്പ



**ദൂരെ** ദിക്കുകളിൽ നിന്നും ജാതി മത ഭേദമന്യേ ജനങ്ങൾ നടന്നും വാഹനങ്ങളിലുമായി മച്ചിക്കുഴിയിലെത്തി. നോക്കി നിൽക്കെ ഹോട്ടലുകളും ലോഡ്ജുകളുമുണ്ടായി. കണ്ണടച്ച് തുറക്കും മുമ്പേ അമ്പല ക്കടവ് പുഴക്ക് പാലമുണ്ടായി.

ഔലിയാപ്പാപ്പയുടെ പള്ളിയിലെ ‘പള്ളിപ്പെട്ടി’ നിറഞ്ഞു. പള്ളിക്കകമ്മിറ്റിക്കാരുടെ കണ്ണുകൾ തിളങ്ങി. അന്നദാനം തുടങ്ങിയതോടെ തിരക്ക് വീണ്ടും കൂടി.

പള്ളിക്കമ്മിറ്റിക്കാർ ബെൻസ് കാറുകളിൽ സഞ്ചരിച്ചു. റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ വയറുകൾ ചാടി. ഇടക്കെപ്പോഴോ പള്ളി കമ്മിറ്റിക്കാർക്കിടയിൽ പൊട്ടലും ചീറ്റലുമുണ്ടായി. കമ്മിറ്റി രണ്ടായി. രണ്ട് ഗ്രൂപ്പുകൾ, രണ്ട് സംഘങ്ങളായി. അധികം താമസിയാതെ റോഡിന്റെ മറുവശത്ത് ഒരു പള്ളി കൂടി ഉയർന്നു. നിലവിലുള്ള പള്ളിയുടെ അതേ പ്ലാനിൽ അതേ കോൺട്രാക്ടർ പള്ളി പണിതു.

ഔലിയാപ്പാപ്പ ഒരു ദിവസം ഒരു പള്ളിയിലും അടുത്ത ദിവസം രണ്ടാമത്തെ പള്ളിയിലുമിരുന്ന് ജനത്തെ ആശ്വസിപ്പിച്ചു.

‘എല്ലാം ശരിയാകും’

ഇരുന്നിരുന്ന് ഔലിയാപ്പാപ്പയുടെ കാലിൽ നീരുവന്നു. കണ്ണുകൾ കൂടുതൽ കുഴിയിലേക്ക് നീങ്ങി. ജപമാലകളിൽ

കറുപ്പ് പരന്നു.

ഔലിയാപ്പാപ്പയെ ആശുപത്രിയിൽ കൊണ്ടുപോവുന്ന കാര്യം ചിലരൊക്കെ സംസാരിച്ചു. എല്ലാവരുടെയും അസുഖം സുഖമാക്കുന്ന ഔലിയാപ്പാപ്പയെ ആശുപത്രിയിൽ കൊണ്ടു പോക്യേ!

ഔലിയാപ്പാപ്പയുടെ നീരുവന്ന കാലിൽ ചെറിയ മുറിവുകളുണ്ടായി. ചോരയും ചലവും കിനിഞ്ഞു.

കൈകൾ മെല്ലെ ഉയർത്തി ഔലിയാപ്പാപ്പ തന്റെ മുന്നിൽ വരുന്നവരെ നോക്കി കണ്ണടച്ച് എന്തോ മന്ത്രിച്ചു. 'എല്ലാം ശരിയാകുമെന്ന്' തന്നെയാകണം.

കഴിഞ്ചിരി മലക്കുമുകളിൽ വെളിച്ചം അണഞ്ഞു. ഇരുട്ട് പരക്കെ ഇരു പള്ളികളിൽ നിന്നും മഗ്‌രിബ് ബാങ്കുയർന്നു.

പള്ളിക്കമ്മിറ്റി സെക്രട്ടറിയുടെ ചെവിയിൽ, താനുടനെ മരിക്കുമെന്ന് ഔലിയാപ്പാപ്പ മന്ത്രിച്ചു.

സെക്രട്ടറി ഞെട്ടി. മറ്റേ പള്ളി കമ്മിറ്റിയിലും ഞെട്ടലുണ്ടായി.

പടച്ചോനെ! എന്തെല്ലാം പ്രോജക്ടുകൾ, പ്ലാനുകൾ, ദിക്ർ ഹൽഖകൾ...

രണ്ട് പള്ളിയിലും ജാറം ഉയർന്നു; മരിക്കാത്ത ഔലിയാപ്പാപ്പക്ക് വേണ്ടി. തങ്ങളുടെ പള്ളിയിലാവും ഔലിയാപ്പാപ്പ അന്ത്യവിശ്രമം കൊള്ളുകയെന്ന് ഇരു വിഭാഗവും ഊറ്റം കൊണ്ടു. സ്വലാത്തായി, സംവാദങ്ങളും ചർച്ചകളും സെമിനാറുകളും നടന്നു.

ഇരു പള്ളി കമ്മിറ്റിക്കാരും കടിച്ചുകീറാനും തെറി പറയാനും തുണിയുരിയാനും തുടങ്ങിയപ്പോൾ എല്ലാം ശരിയാകുമെന്ന് ആശ്വസിപ്പിച്ചിരുന്ന ഔലിയാപ്പാപ്പ തല താഴ്ത്തിയിരുന്നു.

തർക്കം കൂടുതലുച്ചത്തിലായി. ആർത്തിയും പകയും കൊണ്ട് കണ്ണ് കാണാതായവർ തന്നെ വലിച്ചു കീറുമെന്ന് ഔലിയാപ്പാപ്പ പേടിച്ചു. ഔലിയാപ്പാപ്പയുടെ വസ്ത്രങ്ങളിൽ നിന്ന് പുക പൊന്തി. കുന്തിരിക്കത്തിന്റെ മണം പള്ളിയിൽ നിറഞ്ഞു. അന്നുവരെ മച്ചിക്കുഴി ഗ്രാമം കേൾക്കാത്ത ഒച്ചയിൽ ഔലിയാപ്പാപ്പ അലറി.

കൈയിലെ വെട്ടുകത്തി, ഔലിയാപ്പാപ്പയുടെ കൈ വിറച്ചതിനനുസരിച്ച് തിളങ്ങി.

മുറിച്ചെടുത്തോളൂ എന്നെ.

ഇതാ.. കത്തി. മുറിക്കാനാണ് പറഞ്ഞത്.

ഔലിയാപ്പാപ്പ ആവാഹിച്ച മുഴുവൻ ഭ്രാന്തുകളും പുറത്ത് ചാടി. പള്ളി കമ്മിറ്റിക്കാർ വിറയലോടെ നോക്കി നിൽക്കെ ഔലിയാപ്പാപ്പയുടെ കണ്ണിലെ തീ അവർക്കു നേരെ ആളിക്കത്താൻ തുടങ്ങി. അവർ പള്ളിയിലേക്ക് തിരിഞ്ഞ് നോക്കാൻ പോലും ധൈര്യമില്ലാതെ ഇറങ്ങിപ്പോയി. അവരിൽ പലരും ഭ്രാന്തന്മാരായി. പ്രസംഗവും പിരിവുമായി അടക്കാനാവാത്ത ആർത്തിയുമായി നാടു ചുറ്റി. ■

■

**കവിത**

# ലാഭപ്പെരുമഴ!

**നൗഷാദ് പ്ലാമൂട്ടിൽ, ഖഫ്ജി**

**അധരവ്യായാമമേകാൻ കൗണ്ടർ പോയിന്റ്**
ദുർവ്യാഖ്യാനത്തിനു ന്യൂസ് അവറുകൾ
കുമ്പസാര വികൃതിക്കായ് മുഖാമുഖം
തലതിരിഞ്ഞവർ നേരെ ചൊവ്വെയിൽ
പരലോകം പൂകിയവർ തിരിച്ചുവരവിൽ
നെട്ടോട്ടമോടിയവർ വൻവീഴ്ച്ചയിൽ
വിവസ്ത്രരുടെ പേക്കൂത്തുകൾ കൗതുക കാഴ്ചയിൽ
മുലയൂട്ടലും പാചകവും കാണാകാഴ്ചകളിൽ
കൊഞ്ഞനം കുത്തുന്ന വാൽകണ്ണാടിയിലും
കണ്ണുരുട്ടുന്ന നേർക്കുനേരിലും പണിയില്ലാ പടകൾ!

വീണ്ടുവിചാരമില്ലാത്ത വിദേശ വിചാരവും
ഗീർവാണം മുഴക്കുന്ന ക്രോസ്ഫയറും
അവതാരകർക്കു മുതൽക്കൂട്ടേറുമ്പോൾ–
പഴഞ്ചൊല്ലോതുന്ന മുൻഷിയും
കൊമ്പുകുലുക്കുന്ന സാക്ഷിയും
പ്രേക്ഷകനേകുന്നു ആവർത്തന പ്രഹേളികകൾ.

പരിസ്ഥിതി ദിനത്തിൽ ദുർഗന്ധം വമിക്കുന്നു–
സീരിയൽ –ആൽബ പിന്നാമ്പുറക്കഥകൾ.
ഫ്ളാറ്റിനും വില്ലക്കും സീസൺ ഷോ പരമ്പര
ഇടവേളകളില്ലാത്ത നറുക്കെടുപ്പ് മഹാമഹം
ആതുരസേവക്കു കൈനീട്ടാൻ കണ്ണാടി
സ്പോൺസേർഡ് മത്സരത്തിനു എസ്സെമ്മസ് യാചന
പ്രേക്ഷക ലക്ഷത്തിനു കീശചോരുമ്പോൾ
ചാനൽ വ്യവഹാരർക്കിതു ലാഭപ്പെരുമഴ! ■